ടെക്സാസ് സർവ്വകലാശാലയിലെ മലയാള പഠനം

1207 [2174] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമേരിക്കയിലെ ടെക്സാസ് സർവ്വകലാശാലയിൽ മലയാളപഠന കേന്ദ്രം തുടങ്ങാൻ രണ്ടര ലക്ഷം രൂപ നൽകാമെന്ന് സമ്മതിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സംഖ്യ നൽകാത്തത് എന്തുകൊണ്ടാണ്; ഇക്കാര്യത്തിന് കേന്ദ്ര അനുമതി ലഭിച്ചിട്ടുണ്ടോ;

(സി) അമേരിക്കൻ മലയാളികൾ ഏഴരലക്ഷം രൂപ ഇതിനുവേണ്ടി തരാമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ടോ;

(ഡി) രണ്ടര ലക്ഷം രൂപ 1986 ഡിസംബർ മാസത്തിനകം നൽകിയില്ലാ എങ്കിൽ ഈ സംരംഭം റദ്ദാകുമെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇക്കാര്യത്തിലുള്ള കേന്ദ്രാനുവാദം വേഗത്തിൽ കിട്ടാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 20,000 അമേരിക്കൻ ഡോളർ നൽകാൻ തീരുമാനിച്ചിട്ടുണ്ടായിരുന്നു.

(ബി) ഈ ആവശ്യത്തിലേക്ക് വിദേശ നാണ്യാനുമതി നൽകാൻ സാദ്ധ്യമല്ലെന്ന് കേന്ദ്ര ഗവൺമെൻറ് അറിയിച്ചതുകൊണ്ടാണ് നൽകാത്തത്.

(സി) അറിവില്ല.

(ഡി) ഇല്ല.

(ഇ) ബി യുടെ ഉത്തരത്തിൻെറ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പത്തനംതിട്ടയിലെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് മാറിയതു സംബന്ധിച്ചെടുത്ത ശിക്ഷണ നടപടികൾ

1208 [2176] ശ്രീ. കെ. കെ. നായർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ടയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് തിരുവല്ലായിലേക്കു മാറിയതിനോടനുബന്ധിച്ച് ഏതെങ്കിലും ഉദ്യോഗസ്ഥൻമാരുടെ പേരിൽ ശിക്ഷണ നടപടികൾ എടുത്തിട്ടുണ്ടോ; എങ്കിൽ എത്ര ഉദ്യോഗസ്ഥൻമാരുടെ പേരിൽ;

(ബി) അവരിൽ അധികം പേരും പെൻഷൻ പറ്റിയിട്ടും അവർക്കു കിട്ടേണ്ട ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലെന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അവർക്കു കിട്ടേണ്ട ആനുകൂല്യങ്ങൾ എത്രയും വേഗം അനുവദിച്ചു കൊടുക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. 34 ഉദ്യോഗസ്ഥൻമാരുടെ പേരിൽ.

(ബി, സി) ശിക്ഷണ നടപടി എടുത്തിട്ടുണ്ട് എന്ന കാരണത്താൽ ഇവരിൽ ആർക്കും പെൻഷൻ നിഷേധിച്ചിട്ടില്ല. മറ്റ് ആനുകൂല്യങ്ങൾ നൽകുന്ന കാര്യത്തിൽ വിദ്യാഭ്യാസ ഡയറക്ടർ വേണ്ട സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly